## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

04.06.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.293

## ആർദ്രം പദ്ധതി

| ചോദ്യം<br><br>ശ്രീ.കെ. ബാബു | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ കൊല്ലങ്കോട് പി.എച്ച്.സി.യിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നത് എന്ന് വിശദമാക്കുമോ; | (എ)<br>&<br>(ബി) | ആർദ്രം പദ്ധതി പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായ കൊല്ലങ്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. അതിൽ ലാബ് ടെക്നീഷ്യൻ, അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകളിൽ നിയമനം നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൽട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയലറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നേഴ്സസ് പ്രീചെക്കും കൗൺസിലിങ്ങും, വൈകിട്ട് 6 മണി വരെ ഒ.പി.സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ ഈ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| (ബി) | നിലവിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | | |
| (സി) | ഈ പദ്ധതി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | 2018 ജൂൺ 15-നകം ഈ പദ്ധതി പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ